(ഇ) പുതിയതായി തുടങ്ങിയ വടകര സെന്ററിൽ കമ്പ്യൂട്ടർ പഠിപ്പിക്കുന്നതിനും പ്രിന്റിംഗ് ഹെൽപ്പർ ജോലിയുമായി ശശി നെല്ലൂർ, പ്രശാന്ത്. വി. എന്നിവരെ ദിവസവേതനത്തിൽ എടുത്തിട്ടുണ്ട്.

(എഫ്) സ്ഥിരം നിയമനം നടത്തിയിട്ടില്ല.

(ജി) താൽക്കാലിക നിയമനം ലഭിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ ആർക്കും തന്നെ സ്ഥിരം നിയമനം നൽകിയിട്ടില്ല.

(എച്ച്) സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അനുസരിച്ചാണ് നിയമനം നടത്തിയിട്ടുള്ളത്.

(ഐ) എപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആരെയും നിയമിച്ചിട്ടില്ല.

(ജെ) ഇപ്പോൾ പരിഗണനയിലില്ല.

(കെ) സാധാരണഗതിയിൽ 31-10-1999-ൽ അവസാനിക്കുമായിരുന്ന മാനേജിംഗ് ഡയറക്ടറുടെ സേവനകാലം സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് ഗവേണിംഗ് ബോഡി നീട്ടിക്കൊടുക്കുകയുണ്ടായി.

(എൽ) സെന്ററിന്റെ സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് സെന്ററിലെ സ്ഥിരം ജീവനക്കാരുടെ കാലാവധി പരമാവധി രണ്ടു വർഷം വരെ നീട്ടികൊടുക്കുന്നതിന് ഗവേണിംഗ് ബോഡിക്ക് അധികാരമുണ്ട്. മാനേജിംഗ് ഡയറക്ടർക്ക് ഇപ്പോൾ ഒരു വർഷത്തേയ്ക്ക് കാലാവധി നീട്ടികൊടുത്തിട്ടുണ്ട്.

ആലപ്പുഴ പുളിങ്കുന്നൽ കൊച്ചിൻ യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജ്

137 (3014) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ പുളിങ്കുന്നൽ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ എഞ്ചിനീയറിംഗ് കോളേജ് ആരംഭിച്ചിരിക്കുന്നത് ആരുടെ വക സ്ഥലത്തും കെട്ടിടത്തിലുമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ കെട്ടിടം വാടകയ്ക്കാണോ ലഭിച്ചിരിക്കുന്നത് ;

(സി) എങ്കിൽ പ്രതിമാസ വാടക എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) എത്ര വർഷത്തേയ്ക്കാണ് ഈ കെട്ടിടം ലഭിച്ചിരിക്കുന്നത് ;

(ഇ) എഞ്ചിനീയറിംഗ് കോളേജിനുവേണ്ടി ഈ സ്ഥലവും കെട്ടിടവും സജ്ജമാക്കാൻ എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ വർക്കിന്റെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു ; എസ്റ്റിമേറ്റ് തുകയേക്കാൾ എത്ര ശതമാനം കൂട്ടിയാണ് വർക്ക് നൽകിയിരിക്കുന്നത് ;

(ജി) ടെൻഡർ നൽകിയ വ്യക്തിയാണോ ഈ വർക്ക് നൽകിയിരിക്കുന്നത് ; എങ്കിൽ ടെൻഡർകാരന്റെ പേരു വിവരം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ജി) വിവരം ശേഖരിച്ചു നല്കുന്നതാണ്.

ആലപ്പുഴ പുളിങ്കുന്നൽ എഞ്ചിനീയറിംഗ് കോളേജിനു വേണ്ടി കൊച്ചിൻ യൂണിവേഴ്സിറ്റി വാങ്ങിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം

138 (3015) ശ്രീ. കെ. ബാബു :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴയിലെ പുളിങ്കുന്നൽ എഞ്ചിനീയറിംഗ് കോളേജിനു വേണ്ടി കൊച്ചിൻ യൂണിവേഴ്സിറ്റി വാങ്ങിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം നിയമപരമായി രേഖാമൂലം യൂണിവേഴ്സിറ്റിക്ക് കൈമാറിയിട്ടുണ്ടോ ;

(ബി) സ്ഥലം കൈമാറ്റം നടക്കുന്നതിനു മുൻപേ ഭീമമായ തുക ചെലവഴിച്ച് ഈ കായൽ നിലം നികത്തുന്നതിന് സർവ്വകലാശാല നടപടികൾ ആരംഭിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സെന്ററിന് എന്ത് വില പ്രകാരമാണ് സർവ്വകലാശാല ഈ ഭൂമി വാങ്ങുന്നത്; എത്ര ഏക്കർ ഭൂമിയാണ് വാങ്ങുന്നത്;

(ഡി) ഇതിലും കുറഞ്ഞ വിലയ്ക്ക് ആലപ്പുഴ ജില്ലയിൽ തന്നെ കോളേജിനു പറ്റിയ നിരപ്പായ സ്ഥലം ലഭ്യമാണെന്നുള്ള വസ്തുത സർവ്വകലാശാല പരിശോധിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ ഉയർന്ന വിലയ്ക്ക് ഈ കായൽ നിലം വാങ്ങുവാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കുമോ ;

(എഫ്) ഈ ഭൂമിയിൽ മണ്ണിട്ട് നികത്തുന്നതിന് സെന്റൊന്നിന് എത്ര രൂപയാണ് എസ്റ്റിമേറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്; മണ്ണിട്ട് നികത്തുന്നതിനുള്ള മൊത്തം ചെലവ് എത്ര രൂപയാകും ;

(ജി) ഇതിന് അംഗീകാരം നൽകുന്നതിനായി സ്പെഷ്യൽ സിൻഡിക്കേറ്റ് യോഗം കൂടിയിരുന്നോ ;

(എച്ച്) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനും നികത്തുന്നതിനും കൊച്ചിൻ യൂണിവേഴ്സിറ്റി കൈക്കൊണ്ട തീരുമാനങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ഉത്തരം

(എ-എച്ച്) വിവരം ശേഖരിച്ചു നല്കുന്നതാണ്.

സൈനിക സ്കൂൾ കേഡറ്റുകൾക്ക് സ്കോളർഷിപ്പ്

139 (3016) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈനിക സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കാനായി രക്ഷകർത്താക്കളുടെ വരുമാനം 5-ാം ശമ്പളക്കമ്മീഷൻ അനുസരിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly